# Malayala Manorama

## 16 August 2012

## Pizhala: Flood, Flood victims, Isolated

# വെള്ളപ്പാച്ചിലിൽ ഒറ്റപ്പെട്ടു പിഴല

**വെള്ളപ്പാച്ചിൽ, ശക്തമായ അടിയൊഴുക്ക്; ചങ്ങാട സർവീസുകൾ നിർത്തി**

ിഴല ● ഇടമലയാർ, ഇടുക്കി
ഡാമുകൾ തുറന്നതോടെ പെരി
യാറിലെ വെള്ളപ്പാച്ചിലിൽ ഒറ്റപ്പെ
ു കടമക്കുടിയിലെ പിഴല ദ്വീപ്.

പെരിയാറിൽ വെള്ളത്തിന്റെ
അളവ് ഉയർന്നതും അതിശക്ത
ായ അടിയൊഴുക്കും മൂലം ചങ്ങാ
 സർവീസുകൾ നിർത്തേണ്ടി
വന്നതോടെയാണു പിഴല ദ്വീപ്
ഒറ്റപ്പെട്ടത്. അനുബന്ധ ദ്വീപുകളാ
യ ചെറിയകടമക്കുടി, പാലിയം
തുരുത്ത് എന്നിവിടങ്ങളിലുള്ളവ
ും പുറത്തിറങ്ങാൻ കഴിയാതെ
കുടുങ്ങി.

ഇന്നലെ രാവിലെ ജോലിക്കാ
യും വിദ്യാലയങ്ങളിലേക്കും പോ
യവരിൽ പലർക്കും കൃത്യസമയ
ത്തു വീടുകളിലേക്കു തിരികെ
എത്താൻ കഴിഞ്ഞില്ല. കുത്തി ഒഴു
കുന്ന പുഴ മുറിച്ചു കടക്കാൻ ഭയ
ന്നവർ ബന്ധുക്കളുടെയും സുഹൃ
ത്തുക്കളുടെയും വീടുകളിൽ അഭ
യം തേടി. ഉച്ചയോടെ തന്നെ വി
ദ്യാലയങ്ങൾക്ക് അവധി പ്രഖ്യാ
പിച്ചെങ്കിലും കുട്ടികൾക്കു തിരി
കെ വീട്ടിലേക്കു പോകാൻ സൗക
ര്യം ഇല്ലാതിരുന്നതും ആശങ്ക പര
ത്തി. പിന്നീടു പഞ്ചായത്ത് അധി



പെരിയാറിലെ ശക്തമായ വെള്ളപ്പാച്ചിലിൽ കടമക്കുടിയിലെ പിഴല ദ്വീപിലേക്കുള്ള ചങ്ങാട സർവീസ് നടത്തുന്നു. പിന്നീടു സർവീസുകൾ നിർത്തിവച്ചു.

കൃതരും നാട്ടുകാരും ഇടപെട്ട തോടെ ജലഗതാഗത വകുപ്പിന്റെ ബോട്ട് എത്തിയാണു വിദ്യാർഥി കളെ പിഴലയിലേക്ക് എത്തിച്ചത്.

വൈകിട്ട് കോതാട്-പിഴല കട വിലെ രണ്ടു ചങ്ങാട സർവീസു കൾ പുനരാരംഭിച്ചു. എന്നാൽ ഒഴു ക്ക് ശക്തമായാൽ ചങ്ങാട സർവീ സ് തുടർന്നു നടത്താൻ കഴിയില്ലെ ന്നതു നാട്ടുകാരെ ആശങ്കയിലാ ക്കുന്നുണ്ട്. രാത്രിയിൽ എന്തെങ്കി ലും അത്യാഹിതം സംഭവിച്ചാൽ പോലും പുറംലോകത്തേക്കു പോകാൻ കഴിയില്ലെന്നതും ആശ ങ്ക വർധിപ്പിക്കുന്നു.

വെള്ളം ഉയരുന്ന സാഹചര്യ ത്തിൽ പിഴലയിലേക്കുള്ള യാ ത്രാസൗകര്യം ഉറപ്പാക്കുമെന്നു കലക്ടറുടെ അധ്യക്ഷതയിൽ മു മ്പു ചേർന്ന യോഗത്തിൽ ഉറപ്പു ലഭിച്ചിരുന്നെങ്കിലും ക്രമീകരണ ങ്ങൾ കൃത്യമായി നടത്താതിരു ന്നതു തിരിച്ചടിയായി.

ആയിരത്തിലേറെ കുടുംബങ്ങ ളാണു പിഴലയിലും അനുബന്ധ ദ്വീപുകളിലുമായി താമസിക്കുന്ന ത്. കടമക്കുടി പഞ്ചായത്തിനു കീ ഴിലുള്ള പ്രാഥമിക ആരോഗ്യകേ ന്ദ്രം, പഞ്ചായത്ത്, വില്ലേജ് ഓഫി സുകൾ, മൃഗാശുപത്രി തുടങ്ങി യവയെല്ലാം പ്രവർത്തിക്കുന്നതു പിഴലയിലാണ്. വെള്ളം ഉയർന്ന തോടെ വിവിധ ആവശ്യങ്ങൾ ക്കായി പിഴലയിലേക്കു പോകു ന്നവരും ബുദ്ധിമുട്ടുകൾ നേരിടു ന്നുണ്ട്.